കേരള സർക്കാർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001
ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,
വെബ്സൈറ്റ്: www.prd.kerala.gov.in

---

പത്രക്കുറിപ്പ് 'ഭരണഭാഷ-മാതൃഭാഷ' 2019 ഏപ്രിൽ 15 തിങ്കൾ

---

# രാഹുൽ ഗാന്ധിയുടെ സന്ദർശനം, ഇന്ന് ഗതാഗത നിയന്ത്രണം

ആലപ്പുഴ: ഇന്ത്യൻ നാഷണൽ കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയുടെ സന്ദർശനത്തോടനുബന്ധിച്ച് ആലപ്പുഴ നഗരത്തിൽ ഇന്ന് (ഏപ്രിൽ 16) ഉച്ചയ്ക്ക് 12 മണിമുതൽ വൈകിട്ട് 6 മണിവരെ ഗതാഗതനിയന്ത്രണം ഉണ്ടായിരിക്കുമെന്ന് ജില്ലാ പൊലീസ് മേധാവി അറിയിച്ചു. കളക്ട്രേറ്റ് മുതൽ ജനറൽ ഹോസ്പിറ്റൽ ജംഗ്ഷൻ വരെ യാതൊരുവിധ വാഹനഗതാഗതവും അനുവദിക്കുന്നതല്ല. രാഹുൽ ഗാന്ധിയുടെ സന്ദർശനത്തോടനുബന്ധിച്ചുള്ള പരിപാടിയിൽ പങ്കെടുക്കുന്നതിനായി ചങ്ങനാശ്ശേരി ഭാഗത്തുനിന്നും വരുന്ന വാഹനങ്ങൾ ആനവാതിൽ ഭാഗത്തും തണ്ണീർമുക്കം ഭാഗത്തുനിന്നും വരുന്ന വാഹനങ്ങൾ എസ്.ഡി.വി സ്കൂൾ ഗ്രൗണ്ടിലും വടക്കുഭാഗത്തുനിന്നും വരുന്ന വാഹനങ്ങൾ കൊമ്മാടി ബൈപ്പാസിലും കൊല്ലം ഭാഗത്തുനിന്നും വരുന്ന വാഹനങ്ങൾ കളർകോട് ഭാഗത്തും പാർക്ക് ചെയ്യേണ്ടതാണ്.